**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. 3620** **11.12.2018 ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. ശശീന്ദ്രൻ | ശ്രീ. എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) 2018 ജനുവരി 12, 13 തീയതികളിൽ ഹൈദരാബാദിലെ എൻ.ഐ.ആർ.ഡി.പി.ആർ.ൽ നടന്ന സംസ്ഥാന ഗ്രാമവികസന വകുപ്പ് സെക്രട്ടറിമാരുടെ യോഗത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നിർദ്ദേശമുണ്ടായിരുന്നോ; | എ) ഇല്ല. |
| ബി) സംസ്ഥാനത്ത് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) സംസ്ഥാനത്ത് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഈ വകുപ്പിലോ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിലോ ലഭിച്ചിട്ടില്ല. |
| സി) സ്വയംതൊഴിൽ ആരംഭിക്കുന്നതിനും നൈപുണ്യ വികസനത്തിനും പ്രോത്സാഹനം നൽകുന്ന തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ? | സി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തൊഴിൽ രഹിതർക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ശരണ്യ, കെസ്റു, മൾട്ടിപർപ്പസ് ജോബ് ക്ലബ് തുടങ്ങിയ സ്വയംതൊഴിൽ പദ്ധതികളും കരിയർ/ നൈപുണ്യവികസനം ലക്ഷ്യമിട്ടുകൊണ്ട് |

എംപ്ലോയബിലിറ്റി സെന്റർ, മോഡൽ കരിയർ സെന്റർ , കരിയർ ഡെവലപ്പ്മെന്റ് സെന്റർ എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. തൊഴിൽരഹിതർക്ക് ആവശ്യമായ നൈപുണ്യ, സംരംഭകത്വ, സ്വയം തൊഴിൽ പരിശീലന പരിപാടികൾ മോഡൽ കരിയർ സെന്റർ, കരിയർ ഡെവലപ്പ്മെന്റ് സെന്റർ, എംപ്ലോയബിലിറ്റി സെന്റർ എന്നിവ വഴി നടപ്പിലാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ